(സി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും കാർഷിക കർമ്മസേന രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷക സേവന കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിലാണ് ആരംഭിക്കുന്നത്.

**കൃഷിസ്ഥലങ്ങൾ നികത്തുന്നതിനെതിരെ നടപടി**

158 (1453) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽപ്പാടങ്ങൾ ഉൾപ്പെടെയുള്ള കൃഷിസ്ഥലങ്ങൾ നികത്തുന്നതിനെതിരെ നടപടിയെടുക്കാൻ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കോഴിക്കോട് ജില്ലയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനെതിരെ നടപടിയെടുക്കാൻ മറ്റ് വകുപ്പുകൾക്കൊപ്പം കൃഷി വകുപ്പിനും അധികാരം നൽകുന്നതിന് അനുമതി നൽകുമോ ?

**ഉത്തരം**

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നവർ**

159 (1454) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം എത്രയാണ് ;

(ബി) കാർഷിക വൃത്തിയിൽ ഏർപ്പെടുന്നവരുടെ എണ്ണം കുറഞ്ഞു വരികയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാർഷിക വൃത്തിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 1322850 പേർ കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly